(ജി) കാലവർഷ സമയങ്ങളിൽ ചില പ്രധാനപ്പെട്ട ജലസംഭരണികളിൽ ഷട്ടറുകൾ കേടാവുന്നതുമൂലം മറ്റു ചില ഷട്ടറുകൾ വഴി കൂടുതൽ ജലം തുറന്നുവിടുന്നതുമൂലവും കാർഷിക മേഖലയിൽ അധികം കൃഷിനാശം ഉണ്ടായിട്ടുള്ളത് സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശത്തുനിന്നുള്ള മണ്ണൊലിപ്പുമൂലം ജലസംഭരണികളുടെ സംഭരണശേഷി കുറയുന്നു.

(ബി) ഡാം നിറഞ്ഞാൽ ബന്ധപ്പെട്ടവർക്ക് മുന്നറിയിപ്പ് നൽകിയ ശേഷമേ ഡാം തുറന്നുവിടുകയുള്ളൂ. ഇത്തരത്തിൽ ജലം തുറന്നുവിടുമ്പോൾ ആൾ നാശമോ കൃഷിനാശമോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നാശനഷ്ടങ്ങൾ ഒഴിവാക്കാൻ ഓരോ പദ്ധതി പ്രദേശത്തും കാലവർഷ സമയത്ത് ഷട്ടർ തുറന്നുവിടുന്ന വിവരം മുൻകൂട്ടി നടപടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പൊതുജനങ്ങളെയും അറിയിക്കാറുണ്ട്.

(ഇ) കുറ്റ്യാടി, കാഞ്ഞിരപ്പുഴ, ഭൂതത്താൻകെട്ട്, മണിയാർ, ചിമ്മിനി എന്നീ ജല സംഭരണികൾക്ക് നേരിയ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പെരിയാർ ജലസേചന പദ്ധതി 10 ലക്ഷം രൂപ (2002), മുവാറ്റുപുഴ 4 ലക്ഷം രൂപ (2001), ചിമ്മിനി 14.84 ലക്ഷം രൂപ (2001), പഴശ്ശി 6.2 ലക്ഷം രൂപ (2002-03) കൂടാതെ കുറ്റ്യാടി പദ്ധതിക്ക് 7 ലക്ഷം രൂപയും കാഞ്ഞിരപ്പുഴ പദ്ധതിക്ക് 14 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

(ജി) പഠനം നടത്തിയിട്ടില്ല.

ഭാരതപ്പുഴയുടേയും കടലുണ്ടിപ്പുഴയുടേയും പോഷക നദികളെ ഉപയോഗപ്പെടുത്തി മലബാറിലെ കാർഷിക പുരോഗതി

103 [5364] ശ്രീ. കളത്തിൽ അബ്ദുള്ള:
„ കെ. കുട്ടി അഹമ്മദ്കുട്ടി:
„ ടി. പി. എം. സാഹിർ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രമുഖ നദികളായ ഭാരതപ്പുഴ, കുന്തിപ്പുഴ, ശോകനാശിനിപ്പുഴ, കടലുണ്ടിപ്പുഴ, മുറിയകണ്ണിപ്പുഴ എന്നീ നദികളിലെ വിപുലമായ ജല സേചന സൗകര്യം ഉപയോഗപ്പെടുത്തി മലബാറിലെ കാർഷിക പുരോഗതിക്ക് നിറക്കൂട്ട് പകരുവാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രമുഖ നദികളായ ഭാരതപ്പുഴ, കുന്തിപ്പുഴ, ശോകനാശിനിപ്പുഴ എന്നീ നദികളിലെ വിപുലമായ ജലസേചന സൗകര്യം ഉപയോഗപ്പെടുത്തി മലബാറിലെ കാർഷിക പുരോഗതിക്ക് നിറക്കൂട്ട് പകരുവാൻ പദ്ധതിയുണ്ട്. എന്നാൽ കടലുണ്ടിപ്പുഴ, മുറിയക്കണ്ണിപ്പുഴ എന്നീ നദികളിൽ ഇപ്പോൾ പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) ഭാരതപ്പുഴയിൽ വേനൽകാലത്ത് അനുഭവപ്പെടുന്ന ജലക്ഷാമവും പാലക്കാട് ജില്ലയിൽ മൊത്തമായി അനുഭവപ്പെടുന്ന വരൾച്ചയും കണക്കിലെടുത്ത് ഈ ജില്ലയിലെ പുഴകളിലുടനീളം തടയണകളുടെ ഒരു ശൃംഘലതന്നെ തീർക്കണമെന്ന പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഭാരതപ്പുഴയിൽ പറളിയും ലക്കിടി പേരൂരിനും ഇടയിലായി 7 ചെക്ക്ഡാമുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. ശോകനാശിനിപ്പുഴയിൽ തൽക്കാലം ഒരു ചെക്ക് ഡാമിനു മാത്രമേ പദ്ധതിയുള്ളൂ. കുന്തിപ്പുഴയിൽ ആറാട്ടുകടവിലും ചങ്ങലേരി കടവിലും ഓരോ ചെക്ക് ഡാം നിർമ്മിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

തലശ്ശേരി-കുഞ്ഞുച്ചിറ അണക്കെട്ട് പാലം നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ

104 [5365] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കുഞ്ഞുച്ചിറ അണക്കെട്ട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നിർമ്മാണത്തിനായി കൈക്കൊണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കിണറുകൾ കുഴിക്കുവാനായി ധനസഹായം

105 [5369] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര കിണറുകൾ കുഴിക്കുവാനായി ധനസഹായം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly